"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ വൈറ്റില സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന-സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ.ബോബൻ കെ., എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീമതി അമ്പിളി റ്റി.എ. എന്നിവർക്കെതിരായ അച്ചടക്ക നടപടി -തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1335/2025/LSGD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. വിജിലൻസ് (എഫ്) വകുപ്പിൽ നിന്നുള്ള 18.10.2022-ലെ വിജി.എഫ്2/262/2022-വിജി നം. കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 17.09.2022-ലെ ഇ10-(എസ്.സി05/2022/ഇ.കെ.എം)19794/2022 നമ്പർ മിന്നൽ പരിശോധനാ റിപ്പോർട്ട്.
3. 19.12.2022-ലെ 206/ഇഡബ്ല്യൂഎ4/2022/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. GO(Rt) No.829/2024/LSGD dated 09.05.24.
5. 19.04.2023, 03.01.24 എന്നീ തീയതികളിൽ സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ.ബോബൻ കെ., എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീമതി അമ്പിളി റ്റി.എ, എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക.
6. 14.02.2025-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/70226/2023-VIGC4 നം. കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി കോർപ്പറേഷൻ വൈറ്റില സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ബിൽഡിംഗ് ഇൻസ്പെക്ടർ ആയ ശ്രീ.ബിനോയ് പി.എസ്. KRP-II സെക്ഷനിൽ നിന്നും ലഭിച്ച പെർമിറ്റിനായുള്ള ഒരു അപേക്ഷയിൽ നോട്ടീസ് നൽകാതെയും ബന്ധപ്പെട്ട സെക്ഷനിലേക്ക് കൈമാറാതെയും ആറ് മാസത്തിൽ അധികം നടപടികളൊന്നും സ്വീകരിക്കാതെ കൈവശം വെച്ചുവെന്നും ഫയലുകൾ രണ്ട് മാസത്തിലധികമായി നടപടികൾ സ്വീകരിക്കാതെ കൈവശം വെച്ചു സേവനാവകാശ നിയമം ലംഘിച്ചിരുന്നുവെന്നും സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബോബൻ കെ., എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീമതി അമ്പിളി റ്റി.എ, അസി. എക്സി. എഞ്ചിനിയർ ശ്രീ. ഹരിദാസൻ ടി.കെ. എന്നിവർ അധിക നിർമ്മാണം നടത്തിയ ഒരു സ്വകാര്യ കെട്ടിടത്തിന് ആയത് കണക്കാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് വഴി കോർപറേഷന് നികുതിയിനത്തിൽ 20,800/- രൂപ നഷ്ടം വരുത്തിയെന്നും വിജിലൻസ് കണ്ടെത്തിയിരുന്നു. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബോബൻ കെ., എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീമതി അമ്പിളി

റ്റി.എ., അസി. എക്സി. എഞ്ചിനിയർ എന്നിവർക്കെതിരെ KCS(CC&A) Rule 16 പ്രകാരവും ബിൽഡിംഗ് ഇൻസ്പെക്ടർമാരായ ശ്രീമതി സിന്ധു പി.എസ്, ശ്രീമതി ജിജിജോസ്, ശ്രീ.ബിനോയ് പി.എസ്, അസി.എക്സി.എഞ്ചിനിയർ ശ്രീ.ഹരിദാസ് ടി.കെ. എന്നിവർക്കെതിരെ KCS(CC&A) Rule 15 പ്രകാരമുള്ള നടപടി ആരംഭിച്ച് കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കിയിരുന്നു. എന്നാൽ ശ്രീ.ബിനോയ് പി..എസ്. 10/11/2022-ൽ മരണപ്പെട്ടതിനാൽ പരാമർശം 4 പ്രകാരം ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

കുറ്റപത്രത്തിന് എക്സി. എഞ്ചിനീയർ ശ്രീമതി അമ്പിളി.റ്റി.എ സമർപ്പിച്ച പ്രതിവാദ പത്രിക താഴെപ്പറയും പ്രകാരമാണ്.

കെട്ടിടഉടമ partial occupation ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതനുസരിച്ച് ഓവർസിയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ സ്ഥലപരിശോധനറിപ്പോർട്ട് തനിക്ക് ലഭിക്കുകയും പൂർത്തീകരിച്ച ഭാഗത്തിന്റെ plan പരിശോധിച്ച് ആകെ 2579.86$M^2$ ഏരിയയ്ക്ക് ലഭിച്ച റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് സെക്രട്ടറി തലത്തിൽ Partial occupancy, കെട്ടിടനമ്പർ എന്നിവ അനുവദിച്ചിട്ടുള്ളതെന്നും പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഏരിയ വ്യത്യാസം സംബന്ധിച്ച് വിശദീകരണത്തിനായി ഉടമയ്ക്കും പ്ലാൻ സമർപ്പിച്ച എഞ്ചിനീയർക്കും നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയതിന് മറുപടിയായി കെട്ടിട ഉടമ അധിക Area regularise ചെയ്യുന്നതിന് തയ്യാറാണെന്നും ആയതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ completed area-യിൽ വന്നിട്ടുള്ള വ്യത്യാസം മനഃപൂർവ്വം വന്നതല്ല എന്നും അറിയിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ അഭിപ്രായക്കുറിപ്പിൽ എക്സി.എഞ്ചിനീയർ ശ്രീമതി അമ്പിളി റ്റി.എ. സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ കെട്ടിട ഉടമ അധിക Area regularise ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണോ എന്നതു വ്യക്തമല്ല എന്നും 20/03/2023-ൽ correct ചെയ്ത plan സമർപ്പിച്ചിട്ടുള്ളതാണെന്ന് മറുപടിയിൽ പറഞ്ഞിട്ടുള്ളതായും അഭിപ്രായപ്പെട്ടിരുന്നു.

കുറ്റപത്രത്തിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.ബോബൻ സമർപ്പിച്ച പ്രതിവാദ പത്രിക താഴെപ്പറയും പ്രകാരമാണ്.

Partial Occupancy-യ്ക്ക് അപേക്ഷിച്ചത് പ്രകാരം ബിൽഡിംഗ് ഇൻസ്പെക്ടർ ബിനോയ് പി.എസ്., സൈറ്റ് പരിശോധിച്ച് പെർമിറ്റ് പ്രകാരം ബെയ്സ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട് എന്നതിനാൽ ശിപാർശ ചെയ്യുകയും തുടർന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നിവർ ശിപാർശ ചെയ്ത് സെക്രട്ടറിയ്ക്ക് അയച്ചിട്ടുള്ളതാണെന്നും ഭാഗിക ഉപയോഗക്രമം ആയതിനാലും ബിൽഡിംഗ് DMMP മുതൽ എക്സി.എഞ്ചിനീയർ വരെ ഫയൽ പരിശോധിച്ച് ശിപാർശ ചെയ്തിരുന്നതിനാലാണ് സ്ഥലപരിശോധന നടത്താതെ ഭാഗിക ഉപയോഗക്രമത്തിന് ശിപാർശ ചെയ്തതെന്നും കെട്ടിട ഉടമ പുതിയ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ നികുതി ചുമത്തി റിവൈസ്ഡ് പാർഷ്യൽ ഒക്യുപൻസി നല്കാവുന്നതാണെന്നും അറിയിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ.ബോബൻ K. ,സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ ഭാഗിക ഉപയോഗക്രമം ആയതിനാലും ബിൽഡിംഗ് ഇൻസ്പെക്ടർ മുതൽ എക്സി.എഞ്ചിനീയർ വരെ ഫയൽ പരിശോധിച്ച് ശിപാർശ ചെയ്തിരുന്നതിനാലുമാണ് സ്ഥലപരിശോധന നടത്താതെ ഭാഗിക ഉപയോഗക്രമത്തിന് ശിപാർശ ചെയ്തത് എന്ന മറുപടി പരിഗണനാർഹമാണ് എന്ന് അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക,സമർപ്പിച്ച പ്രതിവാദ പത്രികയിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അധിക നിർമ്മാണം വഴി ധനനഷ്ടമുണ്ടാക്കി എന്നതാണ് എക്സി. എഞ്ചിനീയർ ശ്രീമതി അമ്പിളി റ്റി.എ.-യ്ക്കെതിരായ ആരോപണം. ഓവർസിയർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ സ്ഥലപരിശോധന റിപ്പോർട്ട് തനിക്ക് ലഭിക്കുകയും പൂർത്തീകരിച്ച ഭാഗത്തിന്റെ plan പരിശോധിച്ച് ആകെ 2579.86$M^2$ ഏരിയയ്ക്ക് ലഭിച്ച റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് സെക്രട്ടറി തലത്തിൽ Partial Occupancy, കെട്ടിടനമ്പർ എന്നിവ അനുവദിച്ചിട്ടുള്ളതെന്നും പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഏരിയ വ്യത്യാസം സംബന്ധിച്ച് വിശദീകരണത്തിനായി ഉടമയ്ക്കും പ്ലാൻ സമർപ്പിച്ച എഞ്ചിനീയർക്കും നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയതിന് മറുപടിയായി കെട്ടിടഉടമ അധിക Area regularise ചെയ്യുന്നതിന് തയ്യാറാണെന്നും ആയതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അധിക ഏര്യയ്ക്ക് (133.94$M^2$ ) 40200/-രൂപ അധിക ഫീസ് റെഗുലറൈസേഷൻ ഈടാക്കി occupancy നല്കിയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമില്ല എന്നും കാണുന്നു. അധിക നിർമ്മാണം (130 $M^2$) നടത്തിയ ഒരു സ്വകാര്യ കെട്ടിടത്തിന് ആയത് കണക്കാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് വഴി കോർപ്പറേഷന് നികുതിയിനത്തിൽ 20,800/- രൂപ നഷ്ടപ്പെടുത്തിയെന്നതാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.ബോബൻ കെ.-യ്ക്കെതിരായ ആരോപണം. ഭാഗിക ഉപയോഗക്രമം ആയതിനാലും ബിൽഡിംഗ് ഇൻസ്പെക്ടർ മുതൽ എക്സി.എഞ്ചിനീയർ വരെ ഫയൽ പരിശോധിച്ച് ശിപാർശ ചെയ്തിരുന്നതിനാലുമാണ് സ്ഥലപരിശോധന നടത്താതെ ഭാഗിക ഉപയോഗക്രമത്തിന് ശിപാർശ ചെയ്തത് എന്നും അധിക എര്യയ്ക്ക് (133.94$M^2$ ) 40200/-രൂപ അധിക ഫീസ് റെഗുലറൈസേഷൻ ഈടാക്കി occupation നല്കിയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമില്ല എന്നും കാണുന്നു. മേൽ സാഹചര്യത്തിൽ,കൊച്ചി കോർപ്പറേഷൻ വൈറ്റില സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് **സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബോബൻ കെ., എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി അമ്പിളി റ്റി.എ. എന്നിവർക്കെതിരെ KCS(CC&A) Rule 16 പ്രകാരം നടന്നു വരുന്ന അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.**

ബിൽഡിംഗ് ഇൻസ്പെക്ടർമാരായ ശ്രീമതി സിന്ധു പി.എസ്., ശ്രീമതി ജിജി ജോസ്, അസി.എക്സി.എഞ്ചിനിയർ ശ്രീ.ഹരിദാസ് ടി.കെ. എന്നിവർക്കെതിരെ KCS(CC&A) Rule15 പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടി ചട്ടപ്രകാരം തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. ബോബൻ. കെ, സൂപ്രണ്ടിംഗ് എഞ്ചിനിയർ,LSGD സൗത്ത് സർക്കിൾ, തിരുവനതപുരം. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
2. ശ്രീമതി.അമ്പിളി.റ്റി.എ, എക്സിക്യൂട്ടീവ് എഞ്ചിനിയർ,കൊച്ചി കോർപ്പറേഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. വിജിലൻസ് (എഫ്) വകുപ്പ് ( ടി വകുപ്പിൽ നിന്നുള്ള 18.10.2022 ലെ വിജി.എഫ്2/262/2022-വിജി നം. കുറിപ്പ് പ്രകാരം .)

5. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്.
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.(17.09.2022 ലെ ഇ10-(എസ്.സി05/2022/ഇ.കെ.എം) 19794/2022 നമ്പർ മിന്നൽ പരിശോധനാ റിപ്പോർട്ട് പ്രകാരം.)
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 30-05-2025 16:33:58
സെക്ഷൻ ഓഫീസർ